**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** **14-10-2024 - ൽ മറുപടിയ്ക്ക്**

**എ.ഡി.ജി.പി.ക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.ക്കെതിരെ ഭരണകക്ഷി എം.എൽ.എ. ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ഡി.ജി.പി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് അറിയിക്കാമോ; | (എ) | ക്രമസമാധാന ചുമതല ഉണ്ടായിരുന്ന എ.ഡി.ജി.പിക്കെതിരെ ഒരു എം.എൽ.എ നൽകിയ പരാതി സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുവാൻ 30.09.2024 ലെ സ.ഉ (സാധാ) 3911/2024/GAD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ശ്രീ. ജി. സ്പർജൻ കുമാർ IPS, ശ്രീ. തോംസൺ ജോസ് IPS, ശ്രീ. എ ഷാനവാസ് IPS, ശ്രീ. എസ് മധുസൂദനൻ എന്നിവർ ഉൾപ്പെട്ട ഉന്നതതല സംഘത്തെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. 05.10.2024 ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഭരണകക്ഷി എം.എൽ.എ.യുടെ ആരോപണങ്ങളിൽ എ.ഡി.ജി.പി. കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കുറ്റകൃത്യങ്ങൾ ചെയ്തതായാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (സി) | അന്വേഷണ കാലയളവിൽ ആരോപണവിധേയനായ എ.ഡി.ജി.പി.യെ ക്രമസമാധാന ചുമതലയിൽ നിന്നും മാറ്റാതിരുന്നത് അന്വേഷണത്തെ സ്വാധീനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (ഡി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ